712

A

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ അഞ്ച് എണ്ണത്തിന് മാത്രം ഉത്തരമെഴുതിയാൽ മതി. ഒന്നാമത്തെ പ്രവർത്തനം നിർബന്ധമാണ്.

### പ്രവർത്തനം 1 എഴുതാം

കഥ വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

തന്റെ ആ കൊച്ചു സാമ്രാജ്യത്തിലെ അമൂല്യ വസ്തുക്കളെല്ലാം ടീച്ചർക്ക് കാണിച്ചുകൊടുക്കുവാൻ അവനാഗ്രഹിച്ചു. വണ്ടുകൾ, പല്ലികൾ, ഓന്തുകൾ, നൂറുകണക്കിന് ഷഡ്പദങ്ങൾ തുടങ്ങിയവയെല്ലാം ഓക്കുമരത്തിന്റെ വേരുകളെ ആവാസകേന്ദ്രമാക്കിയിരിക്കുന്നു. ചില ജീവികൾ വേരിന്റെ ചുളിവുകളിൽ അഭയം തേടിയിരുന്നു. ഇനിയും ചില സൂക്ഷ്മജീവികൾ തടിയുടെ പുറംതൊലിയിലെ ചാലുകളെ ആവാസകേന്ദ്രമാക്കി. അവയെ മരത്തിന്റെ തോലിൽനിന്ന് തിരിച്ചറിയാൻതന്നെ പ്രയാസമായിരുന്നു. അവ മരത്തിന്റെ ഒരു ഭാഗം പോലെ തോന്നിച്ചു. പല ജീവികളും ഹേമന്തത്തിലെ കഠിനമായ ശൈത്യത്തിൽ സുഖസുഷുപ്തിയിലാണ്ടു കിടക്കുകയായിരുന്നു. ഇവയെപ്പറ്റിയെല്ലാം സവുഷ്കിൻ ടീച്ചർക്ക് താൽപര്യത്തോടെ വിവരിച്ചുകൊടുത്തു. കരുത്തും വീര്യവും നിറഞ്ഞ ആ ഓക്കുമരം അനവധി ജീവികൾക്ക്, ജീവന് ആധാരമായ സ്നേഹം നിറഞ്ഞ ചൂട് നൽകിയിരുന്നു. ഈ മരത്തേക്കാൾ അനുയോജ്യമായ വേറൊരു താമസ സ്ഥലം കണ്ടുപിടിക്കാൻ അവയ്ക്ക് സാധ്യമായിരുന്നില്ല.

ശിശിരത്തിലെ ഓക്കുമരം- യൂറി നഗീബിൻ

(എ) വണ്ടുകൾ, പല്ലികൾ, ഓന്തുകൾ തുടങ്ങിയവയുടെ ആവാസകേന്ദ്രം ഏതാണ്?

(ഓക്കുമരത്തിന്റെ വേരുകൾ, പുറംതൊലിയിലെ ചാലുകൾ, മരത്തിന്റെ ശാഖകൾ)

(ബി) അവ മരത്തിന്റെ ഒരു ഭാഗംപോലെ തോന്നിച്ചു. ഇവിടെ അവ എന്നു പറഞ്ഞത് എന്തിനെ?

(ഷഡ്പദങ്ങൾ, ഓന്തുകൾ, സൂക്ഷ്മജീവികൾ)

(സി) സവുഷ്കിൻ ഓക്കുമരത്തിലെ ജീവികളെക്കുറിച്ച് ആരോടാണ് വിശദീകരിച്ചത്?

(അമ്മയോട്, കൂട്ടുകാരോട്, ടീച്ചറോട്)

(ഡി) പല ജീവികളും ഹേമന്തത്തിലെ കഠിനമായ ശൈത്യത്തിൽ സുഖസുഷുപ്തിയിലാണ്ടു കിടക്കുകയായിരുന്നു,. സുഷുപ്തിയിൽ എന്ന പദത്തിന്റെ അർത്ഥം?

(തണുപ്പിൽ, ചൂടിൽ, ഉറക്കത്തിൽ)

(ഇ) ഓക്കുമരം അതിനെ ആശ്രയിച്ച നിരവധി ജീവികൾക്ക് പകർന്നുകൊടുത്തത് എന്താണ്?

(കരുത്തും വീര്യവും, ജീവന് ആധാരമായ സ്നേഹം, സുഖസുഷുപ്തി)

പ്രവർത്തനം 2 (എ) കഥ പൂർത്തിയാക്കാം

മഴ നിർത്താതെ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

"അമ്മേ, ഞാൻ കുളിക്കാൻ പൊയ്ക്കോട്ടെ ?" സിന്ധു അമ്മയോട് ചോദിച്ചു.

"വേണ്ട മോളെ, ഈ സമയത്ത് കുളിച്ചാൽ നിനക്ക് പനി വരില്ലേ" ?

വിഷമത്തോടെ സിന്ധു മഴ കാണാനായി വരാന്തയിലേക്കോടി. അപ്പോഴാണ് ഒരു ഭിക്ഷക്കാരൻ വന്നത്. കീറിയ വസ്ത്രങ്ങൾ, പൊട്ടിയ ചെരുപ്പ്, നരച്ച നീളമുള്ള താടിയും മുടിയും. മഴയിൽ കുളിച്ചുനിന്ന അയാളെ കണ്ടപ്പോൾ സിന്ധുവിന് കഷ്ടം തോന്നി, അവൾ അടുക്കളയിലേക്കോടി.

അമ്മേ......

മുകളിലെ കഥാഭാഗം വായിച്ചില്ലേ. കഥയുടെ തുടർന്നുവരുന്ന ഭാഗം ഭാവനയിൽ കണ്ട് പൂർത്തിയാക്കുക.

ബി) മാതൃക പോലെ എഴുതുക.

വർണിക്കാനാവാത്തത് - അവർണനീയം

വിശ്വസിക്കാൻ കഴിയാത്തത് -

**പ്രവർത്തനം 3 (എ) നിവേദനം തയ്യാറാക്കുക**

ചില പത്രവാർത്തകളുടെ തലക്കെട്ടുകൾ വായിക്കുക.

പാടം നികത്തി,
ഫ്ളാറ്റ് നിർമ്മാണം നാട്ടുകാർ തടഞ്ഞു.

പൊതുകുളത്തിൽ മാലിന്യ കൂമ്പാരം

കുന്നിടിച്ച് റോഡ് വികസനം
അനേകം കുടുംബങ്ങൾ വഴിയാധാരമാകും

മണലെടുത്ത കുഴിയിൽ അകപ്പെട്ട് രണ്ടു മരണം

പത്രവാർത്തകൾ വായിച്ചല്ലോ. ഈ പ്രകൃതിചൂഷണത്തിനെതിരെ നമ്മൾ പ്രതികരിക്കേണ്ടതല്ലേ ? നിങ്ങളുടെ പ്രദേശത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് നൽകാനുള്ള നിവേദനം തയ്യാറാക്കുക.

ബി) വിവിധം എന്ന വാക്കിൽ നിന്നാണ് 'വൈവിധ്യം' ഉണ്ടായത്. എന്നാൽ ശിഥിലം എന്ന വാക്കിൽ നിന്ന് ഉണ്ടാവുന്നത് ?

(ശൈഥില്യം, വൈപുല്യം, നൈർമല്യം)

**പ്രവർത്തനം 4 ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

പൂമ്പാറ്റ
പാറുക വാനിൽ പൂമ്പാറ്റേ നിൻ
നൂറുനിറക്കൊടിയുയരട്ടേ !
നാടിനതിർത്തികളെല്ലാം ഭേദി-
ച്ചാനന്ദം പോലുന്മുക്തം
പൂവുകൾതോറും പൂമ്പൊടി വിതറി-
ത്തേനുകൾ പലതിൻ രുചിതേടി

പാറുക, വയലുകളുദ്യാനങ്ങൾ
കാടുകൾ, വെല്ലുക കൊടിവീശി
താഴ്‌വര, കുന്നു, പുഴത്തീരം നീ
ചായമടിച്ചു തിമിർക്കുന്നു
നീയേ കനികൾ തൂക്കി മരങ്ങളെ
മോടിയിലുത്സവമാക്കുന്നു

കായ്കളുമായി മരങ്ങൾ വിളിപ്പതി-
നാലേ പക്ഷികളെത്തുന്നു
അങ്ങനെ നീ വയലാക്കും സ്വർണം,
കുന്നോ ഫലഭരസുരഭിലവും

ഉന്മുക്തം - സ്വാതന്ത്ര്യം നേടിയ

ഫലഭരം - ഫലം നിറഞ്ഞത്

സുരഭിലം - സുഗന്ധമുള്ളത്

സച്ചിദാനന്ദൻ

പൂമ്പാറ്റ പ്രകൃതിയിൽ ചെയ്യുന്നതും പ്രകൃതി പൂമ്പാറ്റയ്ക്ക് നൽകുന്നതുമായ കാര്യങ്ങൾ കണ്ടല്ലോ. ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5 എ താരതമ്യക്കുറിപ്പ് തയ്യാറാക്കാം**

**അമ്മയുടെ മടിത്തട്ടിലേക്ക്**

പുഴയിൽ കളിക്കാൻ പോയപ്പോൾ കിച്ചുവിന് കിട്ടിയ കുഞ്ഞുമീനിനെ അവൻ ചില്ലുഭരണിയിലെ വെള്ളത്തിലിട്ടു. തിളങ്ങുന്ന ചന്തമുള്ള മീൻ. തിന്നാൻ കൊടുക്കുന്നതൊന്നും കുഞ്ഞുമീൻ കണ്ടതായി നടിച്ചില്ല. അനങ്ങാതെ ഒരേ നിൽപ്. "നിനക്കെന്തു പറ്റി, നീയിന്ന് എന്തെല്ലാം കാഴ്ചകൾ കണ്ടു"? കിച്ചു മീനിനോട് ചോദിച്ചു. അവൻ കണ്ട കാര്യങ്ങൾ പറഞ്ഞു.

എന്റെ കൂട്ടുകാരെല്ലാം പുഴയിൽ എന്തെല്ലാം കാഴ്ചകൾ കാണുന്നുണ്ടാവും."എനിക്ക് അതൊന്നും പറ്റുന്നില്ലല്ലോ കുഞ്ഞുമീൻ സങ്കടപ്പെട്ടു. അതുകേട്ട് കിച്ചു ചില്ലുഭരണിയുമെടുത്ത് പുഴവക്കത്തേക്കു നടന്നു.

'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' കഥ നിങ്ങൾ പഠിച്ചല്ലോ. ആ കഥയും മുകളിൽ വായിച്ച കഥയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ബി)** അക്വേറിയത്തിലെ മീനുകൾക്ക് ലഭിക്കാതെ പോകുന്നത്?
(സ്വാതന്ത്ര്യം, ഭക്ഷണം, സുരക്ഷ)

**പ്രവർത്തനം 6 എ പോസ്റ്റർ നിർമ്മിക്കാം**

**ലോക വനദിനം - മാർച്ച് 21**

ഭൂമിയിലെ ജൈവവൈവിധ്യം ഇനിയും എത്രനാൾ ഉണ്ടാവുമെന്ന ഭീതിയിലാണ് നാമെല്ലാം. വിവേചനമില്ലാത്ത വികസനത്തിന്റെ പേരിൽ കണ്ടൽക്കാടുകളും കാവുകളും കുറ്റിക്കാടുകളും തണ്ണീർത്തടങ്ങളും ചതുപ്പുനിലങ്ങളുമൊക്കെ മനുഷ്യൻ കയ്യേറാൻ തുടങ്ങിയതോടുകൂടി ജീവജാലങ്ങൾക്ക് ആവാസവ്യവസ്ഥ നഷ്ടമായി. ആഗോളതാപനവും ഗുരുതരമായ പരിസ്ഥിതിമലിനീകരണവും ജൈവവൈവിധ്യങ്ങളുടെ ചരമഗീതം രചിക്കുന്നു.

വനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലോകവനദിനാചരണത്തോടനുബന്ധിച്ച് നിങ്ങളുടെ വിദ്യാലയത്തിൽ നടക്കുന്ന പോസ്റ്റർ പ്രദർശനത്തിലേയ്ക്ക് പോസ്റ്റർ തയ്യാറാക്കുക.

**ബി) മരങ്ങൾ വെട്ടി ശൂന്യമാക്കപ്പെട്ട പീച്ച് പൂന്തോട്ടത്തിൽ പുഷ്പിച്ചു നിൽക്കുന്ന ഒറ്റച്ചെടി എന്തിന്റെ സൂചനയാണ് നൽകുന്നത്?**

(സന്തോഷം, പ്രതീക്ഷ, ആകാംക്ഷ)